IV. ക്രമപ്രശ്നം

ബിസിനസ് അഡ്വൈസറി കമ്മിറ്റി റിപ്പോർട്ടിന് വിരുദ്ധമായി ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, കേരള ഏകീകൃത സർവ്വകലാശാല ബില്ലുമായി ബന്ധപ്പെട്ട് കാര്യോപദേശക സമിതിയിൽ എടുത്ത തീരുമാനത്തിന് വിരുദ്ധമായി ബുള്ളറ്റിൻ ഇറക്കിയതിനെ സംബന്ധിച്ച് ഞാൻ അങ്ങേക്ക് എഴുതിത്തന്നിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എം. വി. ജയരാജൻ എഴുതിത്തന്നതിനെ സംബന്ധിച്ച് ചെയർ എക്സാമിൻ ചെയ്യുന്നുണ്ട്. എക്സാമിൻ ചെയ്തല്ലേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2003-ലെ കേരള സർവ്വകലാശാല ബിൽ ഏത് കമ്മിറ്റിക്ക് വിടണമെന്നുള്ള പ്രമേയത്തെ സംബന്ധിച്ച് കാര്യോപദേശക സമിതി തീരുമാനമെടുത്തിട്ടില്ല. ഇവിടെ വന്ന ബുള്ളറ്റിനിൽ പറയുന്ന സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തിന് ഭേദഗതി വേണം.

മി. സ്പീക്കർ: അത് നിങ്ങളല്ലല്ലോ തീരുമാനിക്കേണ്ടത്, ഗവൺമെന്റല്ലേ അത് തീരുമാനിക്കേണ്ടത്? സബ്ജക്ട് കമ്മിറ്റിയാണ് അത് തീരുമാനിക്കേണ്ടത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് കാര്യോപദേശക സമിതിയിൽ തർക്കമുണ്ടായ ഒരു വിഷയമാണ്.

മി. സ്പീക്കർ: അത് ഗവൺമെന്റല്ലേ തീരുമാനിക്കേണ്ടത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഗവൺമെന്റിന് തീരുമാനിക്കാം. നിങ്ങൾക്ക് ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് എന്തു വേണോ തീരുമാനിക്കാം. അതേ സമയത്ത് ഞങ്ങൾക്ക് ഡിസന്റ് കൊണ്ടുവരുന്നതിനുള്ള സാഹചര്യം നിങ്ങൾ ഇല്ലാതാക്കി. ഇവിടെ പ്രതിപക്ഷത്ത് 40 പേരേയുള്ളൂവെങ്കിലും ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ കേൾക്കണം. 2003-ലെ കേരള യൂണിവേഴ്സിറ്റി ബിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒരു ബില്ലാണ്. അതുകൊണ്ട് ആ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഞങ്ങൾ പറഞ്ഞു. ആലോചിച്ചു പറയാമെന്ന് ഗവൺമെന്റ് പറഞ്ഞു. അതു സംബന്ധിച്ച് അന്ന് കാര്യോപദേശക സമിതി കൂടിയപ്പോൾ ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയമാണെങ്കിൽ ഞങ്ങൾക്ക് അതിനെതിരായി നിയമസഭയിൽ ഡിസന്റിനുള്ള അവസരം വേണമെന്ന് ഞങ്ങൾ പറഞ്ഞു. അപ്പോൾ മുഖ്യമന്ത്രി പറഞ്ഞു അതിപ്പോൾ വേണ്ട, ഞങ്ങൾ ആലോചിച്ചു തീരുമാനിക്കാമെന്ന്. ഇപ്പോൾ ബുള്ളറ്റിൻ വന്നിരിക്കുന്നത്.....

മി. സ്പീക്കർ: നിങ്ങൾക്ക് ഭേദഗതി കൊടുക്കാമല്ലോ.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്താണ് പറയാനുള്ളതെന്ന് കേൾക്കാൻ താൽപ്പര്യമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രകടിപ്പിച്ച വികാരം മനസ്സിലാക്കുന്നു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ ഗുണഫലങ്ങൾ ഉണ്ടാകേണ്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണം തർക്കത്തിൽക്കൂടി അടിച്ചേൽപ്പിച്ച് നടപ്പിലാക്കണമെന്ന് നിർബന്ധമില്ല. അതേ സമയത്ത് ഇന്ത്യയിൽ മറ്റെല്ലാ സംസ്ഥാനങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലോചിതമായ ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങളിൽ നിന്നും കേരളം പുറന്തിരിഞ്ഞു നിൽക്കുകയാണ്. ഇന്ത്യ ഒട്ടുക്ക് അംഗീകരിക്കപ്പെടുന്ന ഒരു യൂണിവേഴ്സിറ്റിപോലും ഇന്ന് കേരളത്തിലില്ല. ഉന്നതവിദ്യാഭ്യാസ രംഗത്ത് നാൾ ചെല്ലുന്തോറും കേരളം പുറകോട്ടു പോകുകയാണ്. 20 യൂണിവേഴ്സിറ്റികളുടെ ഗ്രഡേഷൻ ലിസ്റ്റ് അടുത്ത കാലത്ത് പ്രസിദ്ധീകരിച്ചതിൽ കേരളത്തിന് ഒറ്റ യൂണിവേഴ്സിറ്റി പോലുമില്ല. എന്നാൽ സാക്ഷര കേരളം, ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളത് കേരളത്തിലാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് നമ്മുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് മാറിവരുന്ന ഈ പരിതസ്ഥിതിക്ക് പറ്റിയ കൂടുതൽ കോഴ്സുകളും അതിനു പറ്റിയ വിഷനോടുകൂടി യൂണിവേഴ്സിറ്റികളും പുനഃസംഘടിപ്പിക്കണമെന്നുള്ള ഏറ്റവും നല്ല ഉദ്ദേശത്തോടുംകൂടിയ സമഗ്രമായ ഒരു ഏകീകൃത യൂണിവേഴ്സിറ്റി നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കുന്നത്. അത് കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണത്തിന് താൽപ്പര്യമുള്ള എല്ലാ വിചക്ഷണൻമാരുടേയും അധ്യാപകരുടേയും വിദ്യാർത്ഥി സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും പ്രതിപക്ഷ-ഭരണപക്ഷമടക്കമുള്ള എല്ലാപേരുടേയും അഭിപ്രായം അറിഞ്ഞിട്ട് അതിവേഗം പാസ്സാക്കുന്നതിന് ഗവൺമെന്റിന് താൽപ്പര്യമുണ്ട്. അതുകൊണ്ടാണ് ഗവൺമെന്റ് ഈ ബിൽ ഇത്തവണ പാസ്സാക്കാൻ ആഗ്രഹിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ മാത്രമല്ല ഭരണകക്ഷിയിൽ തന്നെയുള്ള പല മെമ്പർമാരും പറഞ്ഞു, ഇത്രയും ദൂരവ്യാപകമായ ഫലമുണ്ടാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമം അങ്ങനെ പെട്ടെന്ന് രണ്ടോ മൂന്നോ ദിവസത്തെ ചർച്ച കൊണ്ട് പാസ്സാക്കുന്നത് ശരിയല്ല, കുറച്ചുകൂടി വിശദമായ ചർച്ചയ്ക്ക് അവസരം വേണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ബി.എ.സി.യിൽ പറഞ്ഞ ആ നിർദ്ദേശവുംകൂടി മനസ്സിൽ വച്ചുകൊണ്ട് 4-ാം തീയതി ഈ ബിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം വന്നുകഴിഞ്ഞാൽ ഈ സമ്മേളനത്തിൽ ഈ ബിൽ പാസ്സാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റി വിശദമായ പഠനം നടത്തി നിയമസഭയുടെ പ്രത്യേക സമ്മേളനം കൂടുമ്പോൾ അപ്പോഴാണ് പാസ്സാക്കാൻ ഉദ്ദേശിക്കുന്നത്. അല്ലാതെ ഗവൺമെന്റിനുള്ള ഭൂരിപക്ഷം ഉപയോഗിച്ച് പ്രതിപക്ഷത്തിന് പറയാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ പാടെ തിരസ്കരിച്ചുകൊണ്ട് ഈ ബിൽ തിരക്കുപിടിച്ച് പാസ്സാക്കാൻ ഗവൺമെന്റിന് ആഗ്രഹമില്ല. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയം അവതരിപ്പിച്ചുകഴിഞ്ഞാൽ സബ്ജക്ട് കമ്മിറ്റി കുറെ സമയമെടുത്ത് എല്ലാപേരുമായും ചർച്ച ചെയ്ത് അടുത്ത സമ്മേളനത്തിൽ ബിൽ പാസ്സാക്കിയാൽ മതിയെന്നാണ് ഗവണ്മെന്റിന്റെ ആഗ്രഹം. അല്ലാതെ തിരക്കു പിടിച്ച് പാസ്സാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബി.എസ്.സി.-യിൽ പ്രതിപക്ഷ നേതാവും ഞങ്ങളുമൊക്കെ ഈ വിഷയം വളരെ വ്യക്തമായി പറഞ്ഞതാണ്. 27-ാം തീയതിയിലെ മീറ്റിംഗിൽ മാത്രമല്ല ഈ നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിനുമുമ്പായി സഭ നടത്തിക്കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കർ ചർച്ചയ്ക്കായി വിളിച്ച സന്ദർഭത്തിലും ഈ വിഷയം ഞങ്ങൾ പറഞ്ഞതാണ്. മൂന്നോ നാലോ ദിവസമെങ്കിലും നല്ലൊരു ചർച്ച വേണമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സെലക്ട് കമ്മിറ്റി ..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് തീരുമാനിക്കേണ്ടത് നിങ്ങളല്ല, ഗവൺമെന്റാണ്. എപ്പോഴും എല്ലാ കാര്യത്തിലും ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രന് അഭിപ്രായമുണ്ട്. എപ്പോഴും ആവശ്യമില്ലാതെയാണ് രാജേന്ദ്രൻ പറയുന്നത്. ഞാൻ ഒരു കാര്യം പറയട്ടെ. ഈ ബിൽ അവതരിപ്പിക്കണമെങ്കിൽ എന്തെങ്കിലും ഒരു മോഷനോടുകൂടി മാത്രമേ അവതരിപ്പിക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ട് ഇതു സംബന്ധിച്ച് ഡിസ്കസ് ചെയ്ത് നിങ്ങൾക്ക് ഇഷ്ടമുള്ള ഭേദഗതികൾ ഇവിടെ അവതരിപ്പിക്കാം. പക്ഷേ ഭേദഗതികൾ അവതരിപ്പിക്കണമെന്നുണ്ടെങ്കിൽ ഇവിടെ എന്തു ചെയ്യാൻ പോകുന്നുവെന്നുള്ള മോഷൻ ഗവൺമെന്റ് കൊണ്ടുവന്നാൽ മാത്രമേ നിങ്ങൾക്ക് ഭേദഗതി അവതരിപ്പിക്കാൻ പറ്റുകയുള്ളൂ. ഞാൻ ഈ കാര്യം ചർച്ച ചെയ്തു. നമുക്ക് ഒരു മോഷനുമില്ലാതെ അവതരിപ്പിച്ചുകൂടേയെന്ന് ഞാൻ ചോദിച്ചു. അങ്ങനെയാണെങ്കിൽ ഭേദഗതി അവതരിപ്പിക്കാൻ ഒക്കുകയില്ലായെന്നാണ് ഓഫീസിൽ നിന്ന് പറഞ്ഞത്. എന്തു ചെയ്യണമെന്ന് ഗവൺമെന്റ് പറഞ്ഞാലേ അവർക്ക് ഭേദഗതി അവതരിപ്പിക്കാൻ ഒക്കുകയുള്ളൂ. അതുകൊണ്ട് എന്തെങ്കിലും പറയണമെന്ന് പറഞ്ഞു. അതനുസരിച്ച് ഞാൻ ഗവൺമെന്റുമായിട്ട് ഡിസ്കസ് ചെയ്തു. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ളതാണ് നമ്മുടെ ഉദ്ദേശം. പക്ഷേ ധൃതിവച്ച് പാസ്സാക്കണമെന്നില്ലായെന്നാണ് ഗവൺമെന്റ് പറഞ്ഞത്. സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള അഭിപ്രായത്തോട് സ്പീക്കറെന്നുള്ള നിലയ്ക്ക് വലിയ അഭിപ്രായ വ്യത്യാസമില്ലെങ്കിലും ഞാൻ പറഞ്ഞത് അതാണ്. ഈ ബിൽ ഡിസ്കസ് ചെയ്യണമെന്നുള്ളതാണ്, ഇപ്പോഴില്ലാ, തെളിവെടുപ്പ് ഉൾപ്പെടെയുള്ളത് നമുക്ക് അപ്പോൾ ആലോചിക്കാം, പക്ഷേ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായമെന്ന് പറയുകയുണ്ടായി. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള മോഷനോടുകൂടി ഇത് അവതരിപ്പിക്കാം. നാളെ വരെ നിങ്ങൾക്ക് ഭേദഗതി തരാൻ അവസരമുണ്ട്. നിങ്ങൾക്ക് പൊതുജനാഭിപ്രായത്തിന് വിടണമെന്നോ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്നോ ഉള്ള ഭേദഗതി കൊണ്ടുവരാം. മുഖ്യമന്ത്രി ഇവിടെ എക്സ്പ്ലെയ്ൻ ചെയ്തു. അതുകൊണ്ട് അതിന്റെ പേരിൽ സമയം കളയേണ്ട കാര്യമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ന്യായങ്ങൾ ഞങ്ങൾ കേട്ടു. സെലക്ട് കമ്മിറ്റിയുടെ സന്ദർഭത്തിൽ ലഭിക്കുന്ന അവസരം തന്നെ തരാവുന്ന വിധത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ചാണ് അദ്ദേഹം ഇവിടെ വിവരിച്ചതിൽ നിന്ന് മനസ്സിലായത്. പുതിയൊരു സമ്പ്രദായമാണ്. ആ തരത്തിൽ സെലക്ട് കമ്മിറ്റിയുടെ ഫലം ചെയ്യുന്ന സബ്ജക്ട് കമ്മിറ്റിയുടെ കാര്യത്തെ സംബന്ധിച്ചായാലും 4-ാം തീയതി കാര്യോപദേശ സമിതി കൂടുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് സംബന്ധിച്ച് ഒരു നയം വ്യക്തമാക്കാമെന്നായിരുന്നു അങ്ങയുടെ അദ്ധ്യക്ഷതയിൽ അന്ന് നമ്മൾ കൂടി തീരുമാനിച്ച ധാരണ. ആ ധാരണയ്ക്ക് വിരുദ്ധമായ നിലപാടിലേക്ക് ഇത് പാളാതെയിരിക്കണമെന്നുള്ള സ്പിരിറ്റാണ് ഞങ്ങൾക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് എന്തുകൊണ്ട് ഒക്കാതെവന്നു എന്നതാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: പ്രമേയം രണ്ടെണ്ണം വച്ചിട്ട് എല്ലാകൂടി കഴിഞ്ഞ ഒരു ചർച്ച എന്നുള്ളതു മതിയോ? അതിനുള്ള സമയംകൂടി കാണണം.

മി. സ്പീക്കർ: അത് പോരാ, നമുക്ക് ചർച്ച ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കാര്യോപദേശ സമിതിയുടെ തീരുമാനത്തിന് വിരുദ്ധമായിട്ട് ഒരു ബുള്ളറ്റിൻ ഇറക്കാൻ പാടുണ്ടോ? അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ റൂൾ വേവ് ചെയ്യണ്ടേ?

മി. സ്പീക്കർ: നോ, നോ. വിരുദ്ധമായിട്ടല്ല അഡീഷനാണ് ഉള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇത് വിരുദ്ധമാണ്.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2003-ലെ ആലപ്പുഴ തീരദേശ വികസന അതോറിറ്റി ബിൽ

(ശ്രീ. കെ. സി. വേണുഗോപാൽ നോട്ടീസ് നൽകിയത്)

ശ്രീ. കെ. സി. വേണുഗോപാൽ: 2003-ലെ ആലപ്പുഴ തീരദേശ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോയി: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ആലപ്പുഴ ജില്ലയിലെ തീരദേശവാസികളായ ജനങ്ങളുടെ സമഗ്രമായ പുരോഗതിയെ ലാക്കാക്കി ആലപ്പുഴ തീരദേശ വികസന അതോറിറ്റി രൂപീകരിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഇങ്ങനെ ഒരു ബില്ലിന് അവതരണാനുമതി തേടുന്നത്. ആശയത്തോടുള്ള എതിർപ്പുകൊണ്ടല്ല ഇതിനെ ഗവൺമെന്റ് എതിർക്കുന്നത്. മറിച്ച് സംസ്ഥാനത്തെ തീരപ്രദേശത്തെ സമഗ്രവികസനം ലക്ഷ്യമാക്കി ഈ ഗവൺമെന്റ് പല നടപടികളും സ്വീകരിക്കുന്നുണ്ട്. ഉദാഹരണത്തിന് 2001-2002-ലെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിലെ തീരപ്രദേശത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി ഒരു തീരദേശ വികസന അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly